# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം



# രാജാവായ ദാവീദ്
# (ഭാഗം 2)

എഴുതിയത് : Edward Hughes

ഉദാഹരണം : Lazarus

അംഗികരിച്ചത് : Ruth Klassen

തർജ്ജിമ ചെയുതത് : Rev. Benny

നിർമ്മിച്ചത് : Bible for Children
www.M1914.org

©2017 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.

ദക്ഷിണ ഇസ്രായേലിൽ യഹൂദയുടെ
രാജാവായിരുന്നു
ദാവീദ്.
ബാക്കിയുള്ള
ഇസ്രായേൽ
ശൗലിന്റെ
മകനായ ...



... ഈശ്ബോശെത്തിനെ രാജാവായി സ്വീകരിച്ചു. ഏഴുവർഷം ആഭ്യന്തരയുദ്ധം നടന്നു. എന്നാൽ ദാവീദ് മേൽക്കു മേൽ ബലം പ്രാപിച്ചു.



ഒടുവിൽ ഈശ്ബോശെത്ത്
തന്റെ രണ്ട്
പടയാളികളാൽ
കൊല്ലപ്പെട്ടു.



അന്നേരം എല്ലാ ഇസ്രായേൽ ഗോത്രങ്ങളും ദാവീദിന്റെ അടുക്കൽ വന്ന് അവനെ ഇസ്രായേലിന്റെ രാജാവായി വാഴിച്ചു. ദീർഘ നാളുകൾക്കു ശേഷം ദാവീദ് മുഴു ദേശത്തിന്റെയും രാജാവായി.



ദാവീദു ചെയ്ത ആദ്യത്തെ കാര്യം യെരുശലേം പിടിച്ചടക്കുന്നതായിരുന്നു. അത് ദാവീദിന്റെ പട്ടണം എന്ന് അറിയപ്പെട്ടു.



ശത്രുക്കൾക്കെതിരായ ശക്തമായ ഒരു കോട്ടയായി അവനതു വീണ്ടും പണിതുറപ്പിച്ചു.



ദാവീദിന്റെ സൈന്യം ഫെലിസ്ത്യരെയും ഇസ്രായേലിന്റെ മറ്റു ശത്രുക്കളെയും പിടിച്ചടക്കുവാനായി യെരൂശലേമിൽനിന്ന് പുറപ്പെട്ടു.



അടുത്തതായി ദാവീദ് ദൈവത്തിന്റെ പെട്ടകം യെരുശലേമിലേക്ക് കൊണ്ടുവന്നു.



ദൈവത്തിന്റെ
പെട്ടകത്തിൽ
പത്തു കല്പനകളും
ദൈവം മോശെയ്ക്ക്
കൊടുത്ത മറ്റു ...



... ന്യായപ്രമാണങ്ങളുടെ പ്രതികളും
ഉള്ളടക്കം
ചെയ്തിട്ടുണ്ട്.
ഈ പെട്ടകം
ദൈവത്തിന്റെ
വിശുദ്ധിയെയും
ഇസ്രായേൽമക്കൾ
അവനെ ...

... അനുസരിക്കേണ്ടുന്നതിന്റെ
ആവശ്യകതയെയും
അവരെ
ഓർമപ്പെടുത്തി.





തന്റെ ഭരണത്തിന്റെ
ആരംഭ വർഷങ്ങളിൽ
ദാവീദിന് അനവധി
യുദ്ധങ്ങൾ
നടത്തേണ്ടതായി
വന്നു.

അവൻ ബുദ്ധിമാനായ
ഒരു പടയാളിയും
ദൈവത്തിന്റെ
അരുളപ്പാടിനുവേണ്ടി
പ്രാർത്ഥിച്ച
താഴ്മയുള്ളവനും
ആയിരുന്നു.





താൻ ഒരു നല്ല വീട്ടിൽ
കഴിയുമ്പോൾ
ദൈവത്തിന്റെ
പെട്ടകം ഒരു
കൂടാരത്തിൽ
വെച്ചിരുന്നത്
ദാവീദിന്
വിഷാദമായി.



ദാവീദ് ഒരു ആലയം പണിയുവാൻ തീരുമാനിച്ചു. ആലയം പണിയുവാൻ ദൈവത്തിന്റെ പ്രവാചകനായ നാഥാൻ നിർദേശവും കൊടുത്തു.



അന്നു രാത്രിയിൽ ദൈവത്തിന്റെ സന്ദേശം ദാവീദിന് വന്നു: “എന്റെ ദാസനായ ദാവീദേ, യഹോവ നിനക്ക് ഒരു ഗൃഹം ഉണ്ടാക്കും.



നിന്റെ
ആയുഷ്കാലം
തികയുമ്പോൾ
നിന്റെ പിതാക്കന്മാരോടുകൂടെ നീ നിദ്ര
കൊള്ളും. നിന്റെ സന്തതിയെ നിനക്ക്
പിൻതുടർച്ചയായി സ്ഥിരപ്പെടുത്തും.



അവൻ എന്റെ നാമത്തിന് ഒരു ആലയം പണിയും. ഞാൻ അവന്റെ രാജത്വത്തിന്റെ സിംഹാസനം എന്നേക്കും സ്ഥിരമാക്കും.”

ശൗലിന്റെ കുടുംബത്തിൽ ആരെങ്കിലും ശേഷിച്ചിരിപ്പുണ്ടെങ്കിൽ അവരെ സഹായിക്കുന്നതിന് ദാവീദ് ആഗ്രഹിച്ചു. യോനാഥാന്റെ മകനായ മുടന്തുള്ള ...



... മെഫീബോശെത്തിനെ മാത്രമേ കണ്ടെത്തിയുള്ളൂ. ദാവീദ് പറഞ്ഞു: “രാജകുമാരന്മാരിൽ ഒരുത്തനെപ്പോലെ അവൻ എന്റെ മേശയിങ്കൽനിന്ന് ഭക്ഷണം കഴിക്കും.”



യോനാഥാൻ തന്റെ ഉറ്റ
സുഹൃത്തായിരുന്നതുകൊണ്ട്
ദാവീദ് മെഫീബോശെത്തിനോട്
ദയവോടുകൂടെ
പെരുമാറി.





ദാവീദ് ദൈവത്തെ ആശ്രയിക്കുകയും അനുസരിക്കുകയും ചെയ്തിടത്തോളം ദൈവം അവനെ സമൃദ്ധിയിലേക്ക് നയിച്ചു.


പക്ഷേ, ഒരു ദിവസം ഒരു
കരിനിഴൽ ദാവീദിന്റെ
ജീവന്റെമേൽ
പതിച്ചു. ദാവീദ് തന്റെ
സൈന്യത്തെ യുദ്ധം
ചെയ്യാൻ അയച്ചശേഷം
അവൻ യെരൂശലേമിൽ
തന്നെ
താമസിച്ചിരുന്നു.


ഒരു രാത്രിയിൽ
അവന് ഉറക്കം
വന്നില്ല. അവൻ
എഴുന്നേറ്റ് മാളികയിൽ
ഉലാവിക്കൊണ്ട്
പട്ടണത്തിലേക്ക്
കണ്ണുകൾ പായിച്ചു.

സുന്ദരിയായ ഒരു
സ്ത്രീ കുളിക്കുന്നത്
ദാവീദ് കണ്ടു.
അവളുടെ പേര്
ബത്ശേബ
എന്നായിരുന്നു.





ബത്ശേബയുടെ
ഭർത്താവായ ഊരിയാവ്
ദാവീദിന്റെ ധീരനായ
ഒരു പടയാളി
ആയിരുന്നിട്ടുകൂടി
ദാവീദ് അവളോടു
പാപം ചെയ്തു.





താൻ ദാവീദിന്റെ കുഞ്ഞിനു
ജന്മം കൊടുക്കാൻ
പോകുന്നുവെന്ന് അവൾ
ദാവീദിനെ അറിയിച്ചു.
തന്റെ പാപം
കൂടുതൽ പ്രശ്നങ്ങൾ
ഉണ്ടാക്കുകയാണെന്ന്
ദാവീദിന് മനസ്സിലായി.







ദൈവത്തോട്
ഏറ്റുപറയുന്നതിനു
പകരം ദാവീദ് തന്റെ പാപം
മറച്ചുവെക്കുവാൻ ശ്രമിച്ചു.
അതൊരിക്കലും സാധ്യമല്ല!



യുദ്ധമുന്നണിയിൽ
നിന്ന് ദാവീദ് ഊരിയാവിനെ വീട്ടിൽ
വരുത്തി. ജനിക്കാൻ പോകുന്ന
കുഞ്ഞ് തന്റേതാണെന്ന് അവൻ
ധരിച്ചുകൊള്ളുമെന്ന വ്യാമോഹം.



എന്നാൽ
സഹ
പടയാളികൾ യുദ്ധം
ചെയ്തുകൊണ്ടിരിക്കുമ്പോൾ
താൻ വീട്ടിൽ സുഖമായി ഉറങ്ങുകയില്ല.
ഊരിയാവ് രാജധാനിയുടെ
പടിവാതിൽക്കൽ കിടന്നുറങ്ങി.

ഇപ്പോൾ
മുമ്പത്തെക്കാൾ
വലിയൊരു
പാപം ദാവീദ്
ചെയ്തു.
ഒരു ...



...കത്തുമായിയുദ്ധമുന്നണിയിലേക്ക്
അവൻ ഊരിയാവിനെ
തിരിച്ചയച്ചു.
യുദ്ധത്തിൽ
ഊരിയാവ്
മരിക്കുമെന്ന്
ഉറപ്പുവരുത്തുവാൻ
ജനറലിനുള്ള ഒരു
കത്തായിരുന്നു അത്.



ഊരിയാവ്
കൊല്ലപ്പെട്ടപ്പോൾ,
ദാവീദ്
ബത്ശേബയെ
തന്റെ ഭാര്യയായി
എടുത്തു.





ദാവീദിന്റെ പാപം അവനെ
ചൂണ്ടിക്കാണിക്കുവാൻ ദൈവം
തന്റെ ദാസനായ നാഥാനെ
അയച്ചു. വളരെ ധനവാനായ
ഒരു മനുഷ്യനെക്കുറിച്ചും
വളരെ ദരിദ്രനായ ഒരു
മനുഷ്യനെക്കുറിച്ചുമുള്ള
ഒരു കഥ നാഥാൻ
ദാവീദിനോട് പറഞ്ഞു.



ധനവാന് നൂറുകണക്കിന്
ആടുകളുണ്ടായിരുന്നു. പക്ഷേ,
ദരിദ്രന് ഒരാട്ടിൻകുട്ടി മാത്രമേ
ഉണ്ടായിരുന്നുള്ളൂ.
അവനതിനെ
പൊന്നുപോലെ
സ്വന്തം
മകളെപ്പോലെ
സൂക്ഷിച്ചു.

ഒരു യാത്രക്കാരൻ ധനവാന്റെ അടുത്തുവന്നപ്പോൾ, അവന് ഭക്ഷണം കൊടുക്കുവാൻ ധനവാൻ തന്റെ ആടുകളിലൊന്നിനെ അറുത്തില്ല. അതിനുപകരം അവൻ ദരിദ്രന്റെ



കുഞ്ഞാടിനെ കൊന്നു.



ധനവാന്റെ സ്വാർത്ഥതയിൽ ദാവീദിന് കോപം ജ്വലിച്ചു. “ഈ കാര്യം ചെയ്ത മനുഷ്യൻ മരണയോഗ്യൻ,” അവൻ ഉറക്കെപ്പറഞ്ഞു.

“ആ മനുഷ്യൻ നീ തന്നേ,” ധീരനായ നാഥാൻ ദാവീദിനോട് പറഞ്ഞു.



കഥയിലെ ധനവാൻ ചെയ്തതിനെക്കാൾ ഹീനമായ പ്രവൃത്തിയായിരുന്നു ദാവീദ് ചെയ്തത്.



ദാവീദ് എത്ര ദുഷ്ടനായിരുന്നുവെന്ന് ദൈവം അവനുതന്നെ കാട്ടിക്കൊടുത്തു. ദാവീദ് പറഞ്ഞു: “നിന്നോട് തന്നേ ഞാൻ പാപം ചെയ്തു; അനിഷ്ടമായതു ഞാൻ ചെയ്തിരിക്കുന്നു.”





ദൈവം ദാവീദിന്റെ പാപം ക്ഷമിച്ചുകൊടുത്തു. എന്നാൽ ബത്ശേബയുടെ കുഞ്ഞിന് കഠിനരോഗം ബാധിച്ചു. ജനിച്ചുകഴിഞ്ഞ് അധികം നാൾ കഴിയുംമുമ്പേ കുഞ്ഞ് മരിച്ചുപോയി.



ദാവീദ് ചെയ്ത മഹാ പാപം ദൈവം അവനോട് ക്ഷമിച്ചു. പിന്നീട് ബത്ശേബയ്ക്ക് മറ്റൊരു മകൻ ജനിച്ചു, ശലോമോൻ. ദാവീദിനുശേഷം അവൻ മഹാനായ രാജാവായി. ദാവീദിനു വേറെ മക്കളും ഉണ്ടായിരുന്നു. അവരിൽ ചിലർ അവനു മഹാ ദുഃഖം വരുത്തി.

# രാജാവായ ദാവീദ് (ഭാഗം 2)

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

2 ശമൂവേൽ 1–12

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കീർത്തനം 119:130

അവസാനം

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ
പാപമെന്ന് വിളിക്കുന്നു പാപത്തിനുള്ള ശിക്ഷ മരണമാണ്
.എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട് തന്റെ
മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി
ക്രൂശിൽ മരിക്കേണ്ടതിന് ഈ ലോകത്തിലേക്ക് അയച്ചു
യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും.
നമ്മുടെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ
പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും
ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു
എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക് വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ. ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ, ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക. യോഹന്നാൻ 3:16